മിസ്റ്റർ ടി. പി. സീതാരാമൻ: പിരിച്ചുവിട്ട ഇൻറസ്ട്രിയൽ സ്കൂൾ മാസ്റ്റർമാരെ ഈ പണികൾക്ക് എവിടെയെങ്കിലും നിയമിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: റോഡുവക്ക് കൺട്രാക്ടർമാർ നടത്തുകയാണ്. അവക്ക് ഇവരെ ആവശ്യമുണ്ടോ എന്ന് അറിഞ്ഞുകൂടാ.

മിസ്റ്റർ ഗാസ്പർ ഡിസിൽവ: നമ്മുടെ രാജ്യത്തു എത്ര തൊഴിലാളികൾ തൊഴിലില്ലാതെ നടക്കുന്നുണ്ടെന്ന ഒരു കണക്കെടുക്കാമോ?

Mr. President: Order, Order. That is no question.

മിസ്റ്റർ കെ. അയ്യപ്പൻ: അതിനുള്ള ഉത്തരം നേരത്തെ പറഞ്ഞിട്ടുണ്ട്.

Mr. President: That is why that is ruled out of order.

മിസ്റ്റർ കെ. കരുണാകരൻ: പെരിങ്ങൽകുത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതസൌകര്യങ്ങൾ ഗവൺമെണ്ടു് നോക്കാറുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെയുള്ള തൊഴിലാളികൾക്കു കാര്യമായ അസൌകര്യമുള്ളതായി പരാതി വന്നിട്ടില്ല. പരാതിയുണ്ടായാൽ അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ കെ. എച്ച്. സുലൈമാൻ: ഈ നാട്ടിലെ തൊഴിലാളികൾക്കു തന്നെ തൊഴിലില്ലാതിരിക്കുമ്പോൾ ഇവിടെ വിദൂരങ്ങളിൽനിന്നു തൊഴിലാളികളെകൊണ്ടുവന്നു തൊഴിൽ ചെയ്യിക്കുന്നതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ നാട്ടിൽ തൊഴിലില്ലാതെ പട്ടിണി കിടക്കുന്ന തൊഴിലാളികളെ പെരിങ്ങൽകുത്തിലും മറ്റും എടുക്കുവാൻ ഏർപ്പാടു ചെയ്യിട്ടുണ്ട്. ഇവിടെയുള്ളവരെ കിട്ടുന്നില്ലായെന്നുള്ള കാരണംകൊണ്ടു് വക്കു താമസിച്ചുപോകരുതു് എന്നു കരുതി പുറത്തുനിന്നു ആളുകളെ എടുത്തു അവിടെ പണി നടത്തുന്നുണ്ട്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: വിദേശീയരായ തൊഴിലാളികൾ നമ്മുടെ ഫാർമിൽ ജോലി ചെയ്യുന്നതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആ സംഗതി ഇതിനു മുമ്പുതന്നെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ചു ഇന്ത്യാ ഗവൺമെണ്ടുമായി ആലോചന നടത്തുവാൻ നോക്കാം.

മിസ്റ്റർ എം. ഐ. പോൾ: തിരുവിതാംകൂർ ഗവൺമെണ്ടു മറ്റു പല രാജ്യങ്ങളിൽനിന്നും ആളുകളെ ക്ഷണിച്ചുവരുത്തി അവിടെ ഫാക്ടറികൾ ഓപ്പൺ ചെയ്യുന്നതിനു പ്രോത്സാഹനം നല്കിയതുപോലെ ഇവിടെയും ചെയ്യാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഫാക്ടറികൾ തുടങ്ങുന്നതിനു ആദ്യമായി വേണ്ടതു എലക്ട്രിക്കു് പവ്വറാണ്. തിരുവിതാംകൂറിൽ പള്ളിവാസൽ പദ്ധതി നടപ്പിൽ വന്നതിനുശേഷമാണു് അവിടെ ഫാക്ടറികൾ തുടങ്ങിയതു്. ഇവിടെ ഫുൾ ലോഡു മെയ്നാകുമ്പോഴേക്കും ഫസ്റ്റ്, ൦ ൦ ൦ കിലോ വാട്ട്സ് പവ്വർ കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്. അതിനുശേഷമേ ഇവിടെ ഫാക്ടറികൾ തുടങ്ങുന്നതിനു പ്രോത്സാഹിപ്പിക്കുവാൻ നിവൃത്തിയുള്ളൂ.

PROCLAMATION REGARDING AVERAGE NALIKERA PATTOM—PARTICULARS OF

73. (73) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) according to Proclamation, 1120 regarding the Average Nalikera pattom, from what year retrospective effect will be given effect to;

(*b*) whether the Government are aware that Nalikera pattom is collected from tenants who have executed pattomchit on paddy fields, if so, why?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) There is no retrospective operation provided for in the Act XVII of 1120 which is the Amendment Act that provides for average rates.

(*b*) No.

മിസ്റ്റർ എം. ഐ. പോൾ: ഫ ൦ ൦ മതല്ലല്ലോ റിട്രോസ്പക്ടീവു് ഇഫക്ട്, ഫ്രം മതല്ലാണു്. ഇതിനെ സംബന്ധിച്ചു ഹൈക്കോട്ടിലും, ഡിസ്ട്രിക്ട് കോട്ടിലും വ്യവസ്ഥ വിധിയുണ്ടായതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡിസ്ട്രിക്ട് കോട്ടിലുണ്ടായിട്ടുള്ള വിധിക്കു ഹൈക്കോട്ടിൽ അപ്പീൽ കൊടുക്കാമല്ലോ.

മിസ്റ്റർ എം. ഐ. പോൾ: ഡിസ്ട്രിക്ട് കോട്ടിന്റെ വിധി വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള അമൻറുമെൻറ് വരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: ടെനൻസി ആക്ടിന്റെ റിട്രോസ്പെക്ടീവ് ഇഫക്ടിനെ സംബന്ധിച്ചു തർക്കംവരാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. രണ്ടാമത്തെ ആക്ടിൽ പാട്ടച്ചീട്ടു എഴുതിയ തീയ്യതിമുതൽ ഒ ഠ കൊല്ലത്തെ ആവറേജ് എടുക്കണമെന്നാണു പറയുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: വ്യത്യാസപ്പെട്ട വിധിയുണ്ടായാൽ അതിനെപ്പറ്റി ആലോചിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിക്കാം.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: നെല്ലിനു പുറമെ കടിയാൻ തേങ്ങാപ്പാട്ടം കൊടുക്കുന്നതായി ശവമ്മെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തേങ്ങാപ്പാട്ടത്തെ സംബന്ധിച്ചുള്ള നിയമം വെറ്റപ്പാട്ടകടിയാൻ നിയമത്തിലുണ്ടു്. അതിന്റെ അത്ഥത്തെ സംബന്ധിച്ചു വക്കീലന്മാർ പല വിധത്തിലും വാദിച്ചു എന്നുവരാം.

മിസ്റ്റർ എം. ഐ. പോൾ: നിലത്തിനു പാട്ടച്ചീട്ടു വച്ചിരുന്നതിനെവിട്ടു നാളികേരപ്പാട്ടം പിരിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: തെങ്ങിൻതോട്ടമോ, നിലമോ എന്നു തീച്ചയാക്കുന്നതു കൂടുതൽ ഭാഗം തെങ്ങിൻതോട്ടമോ നിലമോ എന്നു നോക്കീട്ടാണു്. ചില കേസുകളിൽ കൂടുതൽ നിലമായിരുന്നതിനെ തെങ്ങിൻതോട്ടമായി കണക്കാക്കീട്ടുണ്ടോ എന്നു നിശ്ചയമില്ല. ഇതിന്റെ നിയമത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിഷമവുമില്ല.

മിസ്റ്റർ എം. ഐ. പോൾ: നിലത്തിനുവേണ്ടിമാത്രം പാട്ടച്ചീട്ടു വയ്യിച്ചിട്ടുള്ള സ്ഥലത്തിൽ നിന്നു നാളികേരപ്പാട്ടം പിരിച്ചാൽ അതു കുറുകരമല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കോടതിയിൽപോയി തീരുമാനിക്കാമല്ലോ.

TRANSFER OF MANAGEMENT—M. G. SCHOOL—NARAKKAL

74. (59) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) whether the Government have received representations from any party for the transfer of the M. G. School, Narakkal to their management;

(*b*) if so, from whom and what action has been taken on that?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) Yes.

(*b*) Rev. Fr. Cherian, Pulikkal, Vicar, Parish Church, Narakkal.

The question was examined by Government and ordered that "the present arrangement will continue".

PROHIBITION CASES IN CHITTUR TALUK—NUMBERS REGARDING

75. (328) **Mr. K. W. Muralidhara Marar** *(Trippuittura)*: Will Government be pleased to state the number of prohibition cases charge-sheeted in Chittur Taluk?

Mr. P. Govinda Menon *(Minister for Finance and Law)*: 40. I have answered 40; including one case charge-sheeted in 1124 it will be 41.

മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: കേസുകൾ കുറയുന്നതു് എക്സൈസ്സു് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ടാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ ശിവരാമകൃഷ്ണൻ പറഞ്ഞതിൽനിന്നതന്നെ മദ്യവർജ്ജനം അവിടെ വിജയകരമായി നടക്കുന്നുണ്ടു് എന്നുള്ളതിനു് അദ്ദേഹം സാക്ഷ്യം വഹിക്കുന്നുണ്ടു്. അതുകൊണ്ടാണു് ഇത്ര കുറച്ചു കേസുകൾ ഉണ്ടാകുന്നതു്.

മിസ്റ്റർ എ. എം. തോമസ്സു്: എത്ര കേസ്സുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫാഷനിൽ നാല്പത്തിനാലും, ഫാഷറിൽ നാം കേസ്സുകൾ കണ്ടുകിട്ടുകയുണ്ടായി.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: കണ്ടുകിട്ടിയ കേസ്സുകളിൽ ചിറ്റൂർ നിവാസികളാണോ അധികം പെട്ടിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം. ഓരോ കേസിന്റെയും സ്വഭാവം നോക്കുമ്പോൾ ചിറ്റൂർ താലൂക്കുകാരാണു് അധികമെന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. പി. ശിവരാമകൃഷ്ണൻ: ഉദ്യോഗസ്ഥന്മാരിൽ വല്ലവരും ഇതിൽ പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly